# അക്കരപ്പച്ച

■ ഗോകുലൻ ചേവായൂർ

കുഞ്ഞിക്കുരുവിയും കുറുമ്പിക്കുരുവിയും സ്നേഹിതകളായിരുന്നു. ഒന്നിച്ച് ആഹാരം തേടിപ്പോകും. ഒന്നിച്ച് അന്തിയുറങ്ങും. ഇരുവരും പരസ്പരം സ്നേഹിച്ച് നടന്നു.

എന്നാൽ മക്കളുണ്ടാകാൻ പ്രായമായപ്പോൾ പരസ്പരം പറഞ്ഞുതെറ്റി.

"ഞാൻ കാടുവിട്ട് നാട്ടിലേക്ക് പോകുന്നു."

ഒരുദിവസം കുറുമ്പിക്കുരുവി പറഞ്ഞു.

കുഞ്ഞിക്കുരുവിക്ക് ഒന്നും മനസ്സിലായില്ല.

"എന്താ കാര്യം?" അവൾ ഉടനെ ചോദിച്ചു.

"നാട്ടിൽ പോയി അവിടെ കൂടുകൂട്ടി മുട്ടകളിട്ടു കഴിഞ്ഞാൽ ബുദ്ധിമുട്ട് കുറവാണ്. കുഞ്ഞുങ്ങൾക്കുള്ള ആഹാരം വേഗം കണ്ടെത്താൻ കഴിയും. വയലിൽ നെല്ലുണ്ടാകും. വീട്ടുമുറ്റത്ത് വറ്റുകൾ കാണും. പിന്നെ ഗോതമ്പ്, അരി എന്നിങ്ങനെ വേണ്ടത്ര കിട്ടാൻ ഒരു വിഷമവും നാട്ടിലുണ്ടാകില്ല. വേണമെങ്കിൽ നീ കൂടി ഒപ്പം വന്നോളൂ..." കുറുമ്പിക്കുരുവി പറഞ്ഞു.



"എന്തായാലും ഞാനില്ല. നാട്ടിൽ പോകുന്നത് സുരക്ഷിതമല്ല. ഇത്രയും കാലം നമ്മൾ ഈ കാട്ടിൽ പേടിയില്ലാതെയാണ് ജീവിച്ചുപോന്നത്. അപകടത്തിലേക്ക് ഞാനില്ല." കുഞ്ഞിക്കുരുവി തീർത്തു പറഞ്ഞു.

സ്വയം തീരുമാനപ്രകാരം കുറുമ്പിക്കുരുവി കാട് വിട്ട് നാട്ടിലേക്ക് പറന്നുപോയി.

പ്രകൃതിയുടെ വൃക്കകൾ എന്നറിയപ്പെടുന്നത്– കണ്ടൽകാടുകൾ

കുഞ്ഞിക്കുരുവി കാട്ടിലെ ഒരു മരത്തിൽ കൂടുവെച്ചു. മുട്ടകളിട്ടു. കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം കാട്ടിൽ നിന്നുതന്നെ കണ്ടെത്തി എത്തിച്ചുകൊടുത്തു. അവരങ്ങനെ സന്തോഷത്തോടെ കഴിഞ്ഞുകൂടുന്ന നേരത്താണ് ഒരു ദിവസം കുറുമ്പിക്കുരുവി കരഞ്ഞുകൊണ്ട് വന്നത്.

“കരയാതെ കാര്യം പറയൂ..” കുഞ്ഞിക്കുരുവി കണ്ടപാടെ പറഞ്ഞു.

കരച്ചിലടക്കി കുറുമ്പിക്കുരുവി പറഞ്ഞുതുടങ്ങി: “കാടുവിട്ടു പറന്നുപോയ ഞാൻ നാട്ടിലെ നല്ലൊരു മരത്തിൽ കൂടുവെച്ചു. മുട്ടകളിട്ടു. മക്കളുണ്ടായി. ഒരുദിവസം പതിവുപോലെ ഞാൻ കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണം തേടിപ്പോയ നേരത്ത് കൂടുവെച്ച മരം മുറിച്ചിട്ടു.

കുഞ്ഞുങ്ങളൊക്കെ നിലത്തുവീണു ചത്തുപോയി. അവർ ചത്തു കിടക്കുന്ന കാഴ്ചയാണ് തിരിച്ചു വന്നപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത്. സങ്കടം സഹിക്കാൻ കഴിയാതെ ഞാനിങ്ങോട്ട് വന്നു. എന്റെ പൊന്ന് മക്കളൊക്കെ പോയി.. ഇനി ഞാനെന്ത് ചെയ്യും!?”

കുറുമ്പിക്കുരുവിക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല.

“പോയത് പോയി. ഇനി സങ്കടപ്പെട്ടിട്ട് കാര്യമില്ല. അതൊക്കെ മറന്നേക്കൂ. ഇനിയും മക്കളുണ്ടാകും. സമാധാനപ്പെടുക” -കുഞ്ഞിക്കുരുവി ആശ്വസിപ്പിച്ചു.

“അന്ന് നീ പറഞ്ഞത് കേട്ടിരുന്നെങ്കിൽ എനിക്ക് ഈ ഗതി വരില്ലായിരുന്നു..!” കുറുമ്പിക്കുരുവി കരഞ്ഞു പറഞ്ഞു.

അതുതന്നെയാണ് കുഞ്ഞിക്കുരുവിയും അപ്പോൾ ഓർത്തത്. എങ്കിലും അവൾ ദേഷ്യം കാണിക്കാതെ ഒപ്പം ചേർത്ത് സമാധാനിപ്പിച്ചുകൊണ്ടിരുന്നു.

## ഒളിമ്പിക് ഗോൾ



ഫുട്ബോളിലെ കോർണർ കിക്കിൽ നിന്ന് നേരിട്ട് വലയിലെത്തുന്ന ഗോളുകൾക്കാണ് ഒളിമ്പിക് ഗോൾ എന്നു പറയുന്നത്.

കപ്പലുകളുടെ വേഗത അളക്കുന്ന തോത് – നോട്ടിക്കൽ മൈൽ